"ഭരണഭാഷ - മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് ജീവനക്കാര്യം - വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ ചെറിയമ്മദ് കക്കോടന്റെ മകനും ആശ്രിതനുമായ ശ്രീ മുഹമ്മദ് അസ്ബീറിന് സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.149/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/10/2020

പരാമർശം 1 ജി.ഒ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.

2 ശ്രീ . മുഹമ്മദ് അസ്ബീറിന്റെ 15.06. 2019 - ലെ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 05.12.2019 ലെ PAN/14637/2019-E14/DP നമ്പർ കത്ത്

4 വയനാട് ജില്ലാ കളക്ടറുടെ 17/03/2020 ലെ DCWYD/1016/2020-A6 നം കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ ചെറിയമ്മദ് കക്കോടന്റെ മകനും ആശ്രിതനുമായ ശ്രീ മുഹമ്മദ് അസ്ബീറിന് സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതനായ ചെറിയമ്മദ് കക്കോടന് 14 വർഷവും 11 മാസവും 18 ദിവസവും സേവനകാലമുണ്ട്.

2. വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കേ 20.11.2013 ലാണ് ചെറിയമ്മദ് കക്കോടൻ നിര്യാതനായത്. അപേക്ഷകനായ ശ്രീ . മുഹമ്മദ് അസ്ബീർ പരേതന്റെ മകനാണ്. അപേക്ഷകന്റെ ജനനതീയതി 13.05.1997 ആണ്. അപേക്ഷകന് 22 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകൾ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം ചെറിയമ്മദ് കക്കോടന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 1,80,000/-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും വയനാട് ജില്ലാ കളക്ടറും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ ചെറിയമ്മദ് കക്കോടന്റെ ആശ്രിതനും മകനുമായ ശ്രീ . മുഹമ്മദ് അസ്ബീറിന് ( കക്കോടൻ ഹൌസ്, എടവക പി.ഒ, പള്ളിക്കൽ,മാനന്തവാടി, വയനാട്-670 645 ) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ, ആദ്യം ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ ചെറിയമ്മദ് കക്കോടന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ. യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

....

മുഹമ്മദ് അസ്ബീർ ( കക്കോടൻ ഹൌസ്. എടവക പി.ഒ. പള്ളിക്കൽ,മാനന്തവാടി, വയനാട്-670 645 ) (തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ. വയനാട്

സെക്രട്ടറി പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ. ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിഎ3/236/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ